36 (1630) തൊഴിൽ സ്ഥലങ്ങളിൽ സ്ത്രീകൾ അനുഭവിക്കുന്ന പീഡനങ്ങൾ

പ്രൊഫ. മീനാക്ഷിതമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ സ്ഥലങ്ങളിൽ സ്ത്രീകൾ അനുഭവിക്കുന്ന പീഡനങ്ങളെക്കുറിച്ചന്വേഷിക്കാൻ ഇന്ന് സംസ്ഥാനത്ത് എന്തെങ്കിലും സംവിധാനമുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ)&(ബി) തൊഴിൽസ്ഥലങ്ങളിൽ സ്ത്രീകൾക്ക് നേരെ എന്തെങ്കിലും പീഡനങ്ങൾ ഉണ്ടായതായി പരാതി ലഭിച്ചാൽ അന്വേഷണം നടത്തി, സംഭവങ്ങൾ ശരിയാണെന്ന് ബോദ്ധ്യമായാൽ കുറ്റക്കാർക്കെതിരെ നിലവിലുള്ള നിയമം അനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

37 (1631) ഉന്നത ഉദ്യോഗസ്ഥരുടെ ടെലിഫോൺ സൗകര്യത്തിന് നിയന്ത്രണം ഏർപ്പെടുത്താൻ നടപടി

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉന്നത ഉദ്യോഗസ്ഥൻമാർക്ക് ടെലിഫോൺ അനുവദിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് സർക്കാർ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) എസ്.ടി.ഡി. ടെലിഫോൺ സൗകര്യം ഉപയോഗിക്കുന്നതിന് ഏതെല്ലാം നിയന്ത്രണങ്ങളാണ് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ളത്;

(സി) ഇപ്പോൾ ഏതൊക്കെ റാങ്കിലുള്ള ഉദ്യോഗസ്ഥൻമാർക്ക് എസ്.ടി.ഡി. ടെലിഫോൺ അനുവദിക്കുന്നുണ്ട്;

(ഡി) വകുപ്പ് അദ്ധ്യക്ഷൻമാർക്ക് മാത്രമേ ഓഫീസിലും വീട്ടിലും എസ്.ടി.ഡി സൗകര്യമുള്ള ടെലിഫോൺ അനുവദിക്കാൻ പാടുള്ളൂവെന്ന് കർശനമായ നിർദ്ദേശം നൽകുമോ;

(ഇ) ഓഫീസിലും വീട്ടിലും എസ്.റ്റി.ഡി സൗകര്യമുള്ള ടെലിഫോൺ ഉപയോഗിക്കുന്ന ജില്ലാ ഓഫീസർമാരുടെയും മേഖലാ ഓഫീസർമാരുടെയും ടെലിഫോൺ സൗകര്യം പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ;

(എഫ്) ടെലിഫോണിന് വേണ്ടി അനുവദിച്ചിട്ടുള്ള തുകയുടെ 25% വെട്ടിക്കുറയ്ക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഉന്നത ഉദ്യോഗസ്ഥൻമാർക്ക് ടെലിഫോൺ അനുവദിക്കുന്നതു സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ സർക്കാർ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1. 1.2.1988-ലെ സർക്കാർ ഉത്തരവ് (പി) 72/88/ധന പ്രകാരം വകുപ്പു അദ്ധ്യക്ഷൻമാർക്കും മേജർ വകുപ്പിലെ വകുപ്പദ്ധ്യക്ഷൻമാർക്കും തൊട്ടു താഴെയുള്ള ഉദ്യോഗസ്ഥർക്കും എസ്.ടി.ഡി. സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

2. വകുപ്പദ്ധ്യക്ഷൻമാർക്ക് എസ്.ടി.ഡി. സൗകര്യത്തോടുകൂടിയ ഔദ്യോഗിക ടെലിഫോൺ അവരുടെ താമസസ്ഥലത്ത് അനുവദിക്കുന്നുണ്ട്.

3. ചീഫ് സെക്രട്ടറി, ഗവൺമെന്റ് സെക്രട്ടറിമാർ, ഹൈക്കോടതി ജഡ്ജിമാർ, എന്നിവർക്ക് എസ്.ടി.ഡി. സൗകര്യം അവരുടെ ഓഫീസിലും വീട്ടിലും അനുവദിച്ചിട്ടുണ്ട്.

4. ജില്ലാതല ഉദ്യോഗസ്ഥൻമാരായ ജില്ലാ കളക്ടർമാർ, ജില്ലാപോലീസ് സൂപ്രണ്ടുമാർ, ഡിസ്ട്രിക്ട് ആന്റ് സെഷൻസ് ജഡ്ജിമാർ, എന്നിവർക്ക് ഓഫീസിലും വസതിയിലും എസ്.ടി.ഡി സൗകര്യം ഉണ്ട്. എല്ലാ ജില്ലാതല ഉദ്യോഗസ്ഥർക്കും വസതിയിൽ ഔദ്യോഗിക ടെലിഫോൺ അനുവദിക്കാറില്ല. എന്നാൽ ഭരണപരമായ അനിവാര്യതയും പദവിയും അനുസരിച്ച് ചില ഉയർന്ന ഉദ്യോഗസ്ഥൻമാർക്ക് താമസസ്ഥലത്ത് ഔദ്യോഗികഫോൺ അനുവദിക്കാറുണ്ട്.

(ബി) എസ്.ടി.ഡി. ടെലിഫോൺ സൗകര്യം ഉപയോഗിക്കുന്നതിന് താഴെ പറയുന്ന നിയന്ത്രണങ്ങൾ സർക്കാർ ഏർപ്പെടുത്തിയിരിക്കുന്നു.

1. പുതിയ ടെലിഫോൺ കണക്ഷൻ/സമാന്തര കണക്ഷൻ/എസ്. ടി.ഡി. സൗകര്യം പുനഃസ്ഥാപിക്കൽ തുടങ്ങിയവ നിയന്ത്രിക്കപ്പെടുന്നു. ധന വകുപ്പിന്റെ അനുമതി കൂടാതെ മേൽപ്പറഞ്ഞ ഉത്തരവുകൾ പുറപ്പെടുവിക്കാൻ പാടുള്ളതല്ല എന്ന് 1.2.1988-ലെ സ.ഉ.(പി)72/88/ധന പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

2. വകുപ്പദ്ധ്യക്ഷൻമാരൊഴിച്ച് ഒരേ കെട്ടിടത്തിലുള്ള മറ്റ് ഉദ്യോഗസ്ഥൻമാർക്ക് പ്രത്യേകം ടെലിഫോൺ സൗകര്യം നല്കുകയില്ല.

3. എസ്.ടി.ഡി സൗകര്യം ആവശ്യപ്പെടാത്ത പക്ഷം ടെലിഫോൺ കണക്ഷന് വേണ്ടിയുള്ള അപേക്ഷകൾ എസ്.ടി.ഡി. അല്ലാത്ത നോൺ ഓ. വൈ.റ്റി ജനറൽ ആയി മാത്രമേ പരിഗണിക്കുകയുള്ളൂ.

4. ഒഫിഷ്യൽ റെസിഡൻഷ്യൽ ടെലിഫോണിന് അർഹതയുള്ള, ഒരേ സ്ഥലത്ത് ജോലി ചെയ്യുന്ന ഭാര്യാഭർത്താക്കൻമാരായ ഉദ്യോഗസ്ഥർക്ക് ഒരു ഔദ്യോഗികഫോൺ മാത്രമേ അനുവദിക്കുകയുള്ളൂ.

5. 14.7.1992-ലെ ഗവൺമെന്റ് ഉത്തരവ് 453/92/ധന പ്രകാരം ഒഫിഷ്യൽ റസിഡൻഷ്യൽ ടെലിഫോണിലൂടെ സർക്കാർ ഉദ്യോഗസ്ഥർക്ക് വിളിക്കാവുന്ന കാളുകളുടെ എണ്ണം (രണ്ടു മാസത്തിലൊരിക്കൽ) 500 ആയി പരിമിതപ്പെടുത്തിയിരിക്കുന്നു. (ചീഫ്സെക്രട്ടറി ഗവൺമെന്റ് സെക്രട്ടറിമാർ, റവന്യൂ ബോർഡംഗങ്ങൾ, പോലീസ് ഡയറക്ടർ ജനറൽ, അഡീഷണൽ പോലീസ് ഡയറക്ടർ ജനറൽ, തുടങ്ങിയവർക്ക് ഇത് ബാധകമല്ല).

6. 15.2.1996ലെ 200/96/ധന നമ്പർ ഉത്തരവ് അനുസരിച്ച് 500-ൽ അധികം വരുന്ന കാളുകൾക്ക് (ഔദ്യോഗികമായാലും അനൗദ്യോഗികമായാലും) ഉപയോഗിക്കുന്ന ഉദ്യോഗസ്ഥർ തന്നെ പണം അടയ്ക്കേണ്ടതാണ്.

(സി) ചോദ്യം (എ)യുടെ ഉത്തരം കാണുക.

(ഡി) വകുപ്പു തലവൻമാരല്ലാത്ത ചില ഉന്നത പദവിയുള്ള ഉദ്യോഗസ്ഥർക്ക് അവരുടെ ഭരണപരമായ ആവശ്യം കണക്കിലെടുത്ത് ഓഫീസിലും

LIBRARY ARCHIVES Kerala Legislative Assembly

വീട്ടിലും എസ്.ടി.ഡി. സൗകര്യം നൽകേണ്ടതായ സാഹചര്യം ഉണ്ടാകാറുള്ള തുകൊണ്ട് പ്രസ്തുത നിർദ്ദേശം സ്വീകാര്യമല്ല.

(ഇ) ഇതേക്കുറിച്ച് വിശദമായി പരിശോധിക്കാവുന്നതാണ്.

(എഫ്) വിശദമായി പരിശോധിക്കാവുന്നതാണ്.

38 (1632) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ശ്രീ. ലോഹിതാക്ഷന്റെ സസ്പെൻഷൻ

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ ട്രേഡ് ഇൻസ്ട്രക്ടറായി കൊടുങ്ങല്ലൂരിൽ ജോലി നോക്കിവന്നിരുന്ന ശ്രീ. ലോഹിതാക്ഷനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയുണ്ടായോ; ഉണ്ടെങ്കിൽ എത്രനാൾ സസ്പെൻഷനിലായിരുന്നു;

(ബി) ഇദ്ദേഹത്തിനെതിരെയുള്ള കുറ്റാരോപണങ്ങൾ എന്തെല്ലാമാണ്; അന്വേഷണത്തിൽ കുറ്റക്കാരനാണെന്ന് തെളിഞ്ഞിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്ത് ശിക്ഷാനടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) അദ്ദേഹത്തെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ചോദ്യത്തിൽ പ്രതിപാദിക്കുന്ന ആൾ ശ്രീ. രോഹിതാക്ഷനാണ്. സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യപ്പെട്ട അദ്ദേഹം 8.4.97 മുതൽ 2.8.99 വരെ സസ്പെൻഷനിലായിരുന്നു.

(ബി) സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ടങ്ങൾക്ക് വിരുദ്ധമായി ആചാരപ്രകാരം വിവാഹം കഴിച്ച ഭാര്യയേയും അവരിൽ ജനിച്ച കുട്ടികളേയും ഉപേക്ഷിച്ച്, അവരെ സംരക്ഷിക്കേണ്ട കർത്തവ്യത്തിൽ നിന്നും പിന്മാറുകയും, നിയമപരമായി വിവാഹമോചനം നേടുകയോ സർക്കാരിന്റെ പ്രത്യേക അനുമതി വാങ്ങുകയോ ചെയ്യാതെ മറ്റൊരു സ്ത്രീയെ വിവാഹം കഴിച്ച് കുടുംബജീവിതം നയിക്കുകയും ചെയ്തു എന്നിവയാണ് അദ്ദേഹത്തിനെതിരെയുള്ള കുറ്റാരോപണങ്ങൾ. അന്വേഷണത്തിൽ, ശ്രീ. രോഹിതാക്ഷൻ കുറ്റക്കാരനാണെന്ന് തെളിഞ്ഞിട്ടുണ്ട്.

(സി) ശിക്ഷാനടപടിയുടെ കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല.

(ഡി) സർക്കാർ ജീവനക്കാരെ അനിശ്ചിതമായി സസ്പെൻഷനിൽ നിർത്താൻ പാടില്ലായെന്ന നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ, ശിക്ഷണ നടപടിക്രമം തുടരാമെന്ന വ്യവസ്ഥയോടെ അദ്ദേഹത്തെ തിരികെ സർവ്വീസിൽ പ്രവേശിപ്പിച്ചിട്ടുണ്ട്.

39 (1633) ശ്രീ. ഇ.എം. ശ്രീധരൻ നമ്പൂതിരിപ്പാടിന്റെ പ്ലാനിംഗ് ബോർഡ് അംഗത്വം

ശ്രീ. പി.ജെ. ഫ്രാൻസീസ് :

LIBRARY ARCHIVES Kerala Legislative Assembly